# മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്പദ്ധതി

# സോഷ്യല്ഓഡിറ്റ്റിപ്പോർട്ട്

**തൃശ്ശൂർജില്ല**

**മുല്ലശ്ശേരി ബ്ലോക്ക്**

**പാവറട്ടി പഞ്ചായത്ത്**

**വാര്ഡ് – 1**

**മരുതയൂർ**

**മഹാത്മാഗാന്ധിദേശീയഗ്രാമീണതൊഴിലുറപ്പ്നിയമംസോഷ്യല്ഓഡിറ്റ് സൊസൈറ്റികേരള (MGNSASK)2018-19**

## ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായ് 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങ ളിൽ അധിവസിക്കു ന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നില്ക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാ ജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറ്റെ ലക്ഷ്യമാണ്.

### സവിശേഷതകൾ:

 നിയമത്തിൻറ്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.

 ഗ്രാമ പഞ്ചായത്ത് പ്രദേശത്തു താമസിക്കുന്ന 18 വയസസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.

 സ്ത്രീക്കും പുരുഷനും തുല്യ വേതനം.

 പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക്മുന്ഗണന.

 തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.

 ആസൂത്രണത്തി ലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.

 കരാറുകാരോ ഇടനിലക്കാരോ ഇല്ല.

 പൊതുജന പങ്കാളിത്തത്തോടെ ലേബർ ബജറ്റ്.

*ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം

*സ്ത്രീകൾക് മുൻഗണന

*കമ്പ്യൂട്ടർ ശ്രിംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

*ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തു നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്നു 17(2) വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർനത്തെ പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവും ആയ പരിശോധനയുമാണ്സോഷ്യൽ ഓഡിറ്റ് അഥവാ സാമൂ ഹിക പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ രണ്ട് പ്രാവിശ്യം സോഷ്യല്ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തില്ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ്പ്രക്രിയക്ക് കണ്ടെത്താൻ കഴിയുന്നു.

## സോഷ്യല്ഓഡിറ്റ്രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ പാവറട്ടി പഞ്ചായത്തിലെ വാർഡ് 1 മരുതയൂർ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തി ൽ നടപ്പിലാക്കിയ പദ്ധതികളാണു ഓഡിറ്റ്നു വിധേയമാക്കിയത്. സോഷ്യൽ ഓഡിറ്റ്റിസോഴ്സ് സംഘം പ്രവൃത്തി ഫയൽ പരിശോധന,ഫീൽഡ്സന്ദർശനം, തൊഴിലാളികളുമായുള്ള അഭിമുഖം , എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളേയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുതുന്നതിനു വേണ്ടിയാണു ഈ സോഷ്യൽ ഓഡിറ്റ്. തൊഴിലാളികള്ക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു . അത് ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു .

### 1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1 )

തൊഴിലുറപ്പു നിയമം (Schedule 2 Para 1) അനുസരിച്ച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്.

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തി നകം കാർഡ് നൽകേണ്ടതാണ്.. തൊഴിൽ കാർഡ് കയ്യിൽ സൂക്ഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പ്പിച്ചാൽ എത്രയും വേഗം തിരിച്ചു നല്കേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴിതൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കുക ആണെങ്കിൽ സെക്ഷൻ 25പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ് . demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ മസ്റ്റർ റോൾ നമ്പർ , വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ ഉണ്ടാവേണ്ടതാണ് .തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ നിന്നും എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ ,മരണപ്പെടുകയോ ഹാജരാക്കിയ രേഖകൾ കൃത്യമാണെന്ന് തെളിയിക്കുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ / ഡിലീറ്റ് ചെയ്യാൻ പാടുള്ളൂ. .

വാർഡിൽ  മൊത്തം 75 ആളുകളാണ് തൊഴി ൽ ചെയ്യുനത് എന്ന് അറിയാൻ കഴിഞ്ഞത്.. വാർഡ് ഒന്നിൽ  232 തൊഴിൽ കാർഡ് ഉണ്ട്

**2 തൊഴിൽ ആവിശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കുവാനു ള്ള അവകാശം(schedule 1para 11)**

തൊഴിൽ ദിനങ്ങൾ  ആവശ്യപ്പെടുവാനും തിയതി വെച്ച രസീത് കൈ പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു

തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ കായിക തൊഴിലിനായി ആവിശ്യപ്പെടവുന്നതാണ്. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നല്കേണ്ടതും ആണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികള്ക്ക് നല്കുന്നതിനുള്ള ഏര്പ്പാട് ചെയ്യുന്നില്ല എങ്കില്തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 25അനുസരിചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈ വാർഡിൽ  3 മാസമായി പണി തൊഴിലാളികൾക് പണി നൽകിയിട്ടില്ല

**3. തൊഴിലില്ലായ്മാ വേതനം ലഭിക്കുവാനുള്ള അവകാശം (section7(1))**

തൊഴിൽ ആവിശ്യപെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ ആദ്യത്തെ 30 ദിവസം വേതനത്തിന്റെ നാലിലൊന്നും തുടര്ന്ന് 100 ദിവസം വരെ വേതനത്തിന്റെ പകുതിയും ലഭിക്കാൻ അവകാശമുണ്ട് .

വാർഡിലെ തൊഴിലാളികൾ ആരും തൊഴിലില്ലായ്മ വേതനത്തിനു അപേക്ഷിച്ചതായി അറിയാൻ കഴിഞ്ഞില്ല

**4. പ്രവൃത്തികള്കണ്ടെത്തിനല്കാനുള്ളഅവകാശം . (Schedule 1 Para 9 )**

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തുനടപ്പിലാക്കേണ്ട പ്രവൃത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷന്(1) പ്രകാരം ഗ്രാമസഭ/വാർഡ് സഭയിൽ വരുന്ന നിർദേശങ്ങളും ഉൾപ്പെടുതികൊണ്ടുള്ള ഷെല്ഫ് ഓഫ് പ്രൊജക്റ്റ്തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിനാണ്. .ഗ്രാമസഭയില്അംഗീകരിക്കുന്ന പ്രവൃത്തിക ള് ആണ്ഷെല്ഫ് ഓഫ് പ്രൊജക്റ്റ്ആക്കുന്നത്.

**5. അഞ്ചു കിലോമീറ്റര്ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം (Schedule 2 Para 18 )**

തൊഴിലാളിയുടെ താമസ സ്ഥലത്ത് നിന്ന് 5 കിലോമീറ്റ ർ ചുറ്റളവിൽ അല്ല തൊഴില്ലഭിക്കുന്നത് എങ്കി ൽ വേതനത്തിന്റെ 10 ശതമാനം കൂടി അധിക വേതനം ലഭിക്കുനതിനുള്ള അവകാശം. (Schedule 2 Para 20).

അഞ്ചു കിലോമീറ്റര്ഉള്ളില്തന്നെ തൊഴില്ലഭിക്കുന്നതായാണ് തൊഴിലാളികളില്നിന്നും മനസിലാക്കിയത്.

**6. പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങള്‍ക്കുള്ള അവകാശം. (Schedule 2 Para 23 )**

പട്ടിക 2 ഭാഗം 23 പ്രകാരം പ്രവര്‍ത്തി സ്ഥലത്തു കുടിവെള്ളം, തണല്‍ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രൂഷ കിറ്റുകള്, 5 വയസ്സില്‍ താഴെയുള്ള കുട്ടികള്ക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. കൂടാതെ തൊഴില്സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിന്‍റെ ചികിത്സ ചിലവും ലഭികുന്നതിനുള്ള അവകാശം ഉണ്ട്.

ആവിശ്യത്തിന് കൈയ്യുറകളും കാലുറകളും ലഭിക്കുന്നില്ല. തോടുകളും പാടങ്ങളും പോലെയുള്ള തൊഴിലിടങ്ങളില്ഗുണമേന്മയുള്ള കൈയ്യുറകളും കാലുറകളും അത്യന്താപേക്ഷിതമാണ്.

പ്രാഥമിക ശുശ്രൂഷ കിറ്റുകള്‍ ലഭിക്കുന്നില്ല

കുടിവെള്ളം തൊഴിലാളികള്‍ വീട്ടില്‍ നിന്നും കൊണ്ടുവരുന്നു

**7. കൂലി ലഭിക്കാനും 15 ദിവസതിനുള്ളി ല്‍ തന്നെ അത് ലഭിക്കാനും ഉള്ള അവകാശം.(Schedule 2 para 29)**

സര്‍ക്കാര്‍ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസതിനുള്ളില്‍ ലഭിക്കുവാന്ഉള്ള അവകാശം. നിയമം അനുസരിച്ചു 15 ദിവസതിനുള്ളില്‍ കൂലി ലഭിച്ചില്ല എങ്കില്വേതനത്തിന്‍റെ 0.05% നഷ്ടപരിഹാരത്തിന് അര്‍ഹത ഉണ്ട്.

കൂലി കിട്ടുന്നതിനു മാസങ്ങളോളം കാലതാമസം നേരിടുന്നതായി തൊഴിലാളികള്‍ പരാതിപ്പെടുന്നു..

**8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം.**

അവസാന പ്രവൃത്തി ദിവസത്തിന്‍റെ 15 ആം ദിവസത്തിനുള്ളില്‍ വേതനം ലഭിച്ചില്ലെങ്കില്‍ വേതനത്തിന്‍റെ 0.05% അധിക വേതനം ലഭിക്കാനുള്ള അവകാശം .

നഷ്ടപരിഹാരം ആര്‍ക്കും ലഭിച്ചതായി അറിയുവാന്‍ സാധിച്ചില്ല. .

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം.**

സെക്ഷന്അനുസരിച്ച് 5 ദിവത്തിനകം പരാതി പരിഹരിക്കുകയും ഏഴു

ദിവസത്തിനുള്ളില്പരാതിക്കാരനു അത് അറിയിക്കുവാനും ഉള്ള അവകാശം. പരാതിരജിസ്റ്റര്‍ , ടോള് ഫ്രീ നമ്പര്‍ എന്നിവ വഴിയായി പരാതികള്‍ രേഖപ്പെടുത്താന്അവസരം ഉണ്ട്.

പരാതി രജിസ്റ്റര്‍ പരിശോധിച്ചതില്‍ പരാതികള്‍ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കണ്ടില്ല.

**10. സോഷ്യല്ഓഡിറ്റ്നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടര്‍ച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതില്‍ പങ്കാളി ആകുന്നതിനും ഉള്ള അവകാശം.

ഫയല്പരിശോധന നടത്തിയതില്‍ ഒന്നും തന്നെ സോഷ്യല്‍ ഓഡിറ്റ്നടത്തിയ രേഖകള്‍ ഉള്‍പ്പെടുത്തിയിട്ടില്ല.

## ഫയൽ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം താഴെ പറയുന്ന 7 രജിസ്റ്ററുകള്നിർബന്ധമായും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടവയാണ്.

1. ജോബ്കാർഡ് രജിസ്റ്റർ

2. ഗ്രാമസഭ രജിസ്റ്റർ

3. ഡിമാൻഡ് /അലോക്കേഷൻ & വേതന രജിസ്റ്റർ

4. വർക്ക് രജിസ്റ്റർ

5. ഫിക്സ്ഡ് അസെറ്റ് രജിസ്റ്റർ

6. പരാതി രജിസ്റ്റർ

7. മെറ്റിരിയല് രജിസ്റ്റർ

## പ്രവൃത്തി ഫയലിലെ 22 രേഖകൾ

കേന്ദ്ര സർക്കാറിന്റെ നിർദ്ദേശ പ്രകാരം ഒരു പ്രവൃത്തി ഫയലില്താഴെ പറയുന്ന 22 രേഖകൾ

നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1. കവർപേജ്

2. ചെക്ക് ലിസ്റ്റ്

3. `ആക്ഷന് പ്ലാന്/ ഷെല് ഫ് ഓഫ് വർക്ക്എന്നിവയുടെ അംഗീകരിച്ച കോപ്പി.

4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും..

5. ഭരണനുമാതിയുടെയും സാമ്പത്തിക അനുമതിയുടെയും കോപ്പി.

6. സാങ്കേതിക അനുമതിയുടെ കോപ്പി.

7. കണ് വേർജെന്സ് വിശദാംശങ്ങള്.

8. തൊഴിലാളികള്തൊഴില്ആവിശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.

9. തൊഴില്അനുവദിച്ചുകൊണ്ടുള്ള നോട്ടീസിന്റെ കോപ്പി.

10. പൂരിപ്പിച്ച മസ്റ്റർറോളിന്റെ കോപ്പി.

11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.

12. സാധനങ്ങള് വാങ്ങുന്നതിനുള്ള കൊട്ടേഷന്ക്ഷണിച്ചതിന്റെയും കംപാരിറ്റിവ്

സ്റ്റേറ്റ്മെന്റ് ന്റെയും മെറ്റിരിയല്സപ്ലൈ ഓർഡർന്റെയും കോപ്പി.

13. വേജ് ലിസ്റ്റ്.

14. വേതനത്തിന്റെയും സാധനങ്ങള്ക്ക് പണം അടച്ചതിന്റെയും F T O യുടെയും കോപ്പി.

15. മെറ്റിരിയല്വൌച്ചര്ന്റെയും ബില്ലുകളുടെയും കോപ്പി.

16. റോയല് ടി അടച്ചതിന്റെ രസീതിന്റെ കോപ്പി.

17. 3 ഘട്ടങ്ങളായുള്ള തൊഴിലിന്റെ ഫോട്ടോകള്.

18. പൂര് ത്തികരിച്ച സര്ട്ടിഫിക്കറ്റ് ന്റെ കോപ്പി.

19. മസ്റ്റര്റോള്മൂവ്മെന്റ് സ്ലിപ്.

20. ആസ്തിയുടെ ജിഒ ടാഗ് ഫോട്ടോകള്.

21. സോഷ്യല്ഓഡിറ്റ്റിപ്പോര്ട്ട്കോപ്പി.

22. സൈറ്റ് ഡയറി.

കവര്പേജ്, എസ്റ്റിമേറ്റ്, മസ്റ്റര്റോള്, എംബുക്ക്ഇവ എല്ലാ വര്ക്ക്ഫയലിലുംകാണുവാൻ സാധിച്ചു.

എന്നാല്TS, AS, ആക്ഷ ൻ പ്ലാൻ, സൈറ്റ് ഡയറി,വര്ക്ക്കംപ്ലീഷന്,

സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് , ഫോട്ടോസ്, എന്നിവ കാണുവാൻ സാധിച്ചില്ല.

**CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ്സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്. para 25(a), schedule1 അനുസരിച്ച് ഒരു പ്രവൃത്തിയുടെ അടിസ്ഥാന വിവരങ്ങ ൾ അതായത് എസ്റ്റിമേറ്റ് തുക , സാധന വേതന ഘടകങ്ങൾ,യഥാർത്ഥ ചെലവ് , തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്തക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദര്ശിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവൃത്തിയുടെയും ആരംഭ ഘട്ടത്തിൽ ആണ്. ഓരോപ്രവൃത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകളൾ ഉപയോഗിച്ച് സിമെറ്റിലും, കോൺഗ്രീറ്റിലും നിർമ്മിച്ചു സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. . ഇരുമ്പ്,ടിന്,ഫ്ലക്സ്,ഷീറ്റുക ൾ,തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾസ്ഥാപിക്കുന്നത് നിയമ വിരുദ്ധമാണ്. . വ്യക്തിഗത പ്രവർത്തിക ൾക്ക് 3000രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി

നിർമാണ ചെലവ് എന്നാണ് ആനുവ ൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത് . C I B അടങ്ങുന്ന ഒരുഫോട്ടോ പ്രവര്ത്തി ഫയലിൽ ഉള്പ്പെടുത്തണം എന്നത് നി ര്ബന്ധമാണ്.

# പരിശോദന വിവരണം

2018-2019 കാലയളവിലായി ആകെ18 പ്രവർത്തികളാണ്  വാർഡ്  1നടന്നിട്ടുള്ളത് .

**1-പൊതുഭൂമിയിലെ വനവൽക്കരണ പ്രവർത്തി Gups  മരുതയൂർ**

W0rk  code(1607010003/Dp/169068)

6/8/2018-12/8/2018

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ ഒരു ലക്ഷം രൂപയും 261 തൊഴിൽ

ദിനങ്ങളും ആണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്

* എം ബുക്ക് പ്രകാരം ഒരു മസ്റ്റ് റോളിൽ  33 തൊഴിൽ ദിനങ്ങളും

9108രൂപ വേതനത്തിന് ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു

* cib യ്ക്കായി 5000 രൂപ എസ്റ്റിമേറ്റ് കാണിച്ചിരിക്കുന്നുവെങ്കിലും എം ബുക്കിലും സൈറ്റിലും cib കാണാൻ കഴിഞ്ഞില്ല

* ഒരുമ സ്ട്രോൾ ആണ് ഈ പ്രവൃത്തിക്ക് ഉള്ളത്

*വിദ്യാലയത്തിൽ  6 തൈകൾ  കാണാൻ സാധിച്ചു

*വെള്ളപ്പൊക്കത്തിൽ വിദ്യാലയത്തിൽ ക്യാമ്പ് ഉള്ളതിനാൽ തൈകൾ നശിച്ചതായി

അറിയുവാൻ സാധിച്ചു

**2 മരുതയൂർ  കാളാനി  ഗവൺമെൻറ്  അംഗീകൃത   ഭവനനിർമ്മാണം ഭാഗം-18**

**1607010003/IF/  385038**

യശോദ 001/238

18/2/2019-3/3/2019

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 24,390 രൂപയും 90 തൊഴിൽ ദിനങ്ങളും

ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്

*എം ബുക്ക്പ്രകാരം ഒരു മസ്റ്റർ റോളിൽ 28 തൊഴിൽ ദിനങ്ങളും 7,728 രൂപ

വേതനത്തിന് ചിലവഴിച്ചതായി കാണുന്നു

വീടുപണി പൂർത്തീകരിച്ചിട്ടുണ്ട്

* താമസം ആരംഭിച്ചു

**3. വാർഡ് ഒന്നിലെ കാളാനി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ ഭൂവികസനം പ്രവർത്തികൾ ഭാഗം 2 1607010003/IF/371768**

1/11/2018-28/11/2018

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ്3,02,422 രൂപയും1.081 തൊഴിൽ ദിനങ്ങൾ

ഉൾള്ളിച്ചിരിക്കുന്നു

*എം ബുക്ക്പ്രകാരം 3 മസ്റ്റർ റോൾ(1420,1476,1603 ) 675 തൊഴിൽ ദിനങ്ങളും 1,86,300വേതനത്തിന് ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

*cib ഫീൽഡിൽ കാണുവാൻ കഴിഞ്ഞു

*പുല്ല് ചെത്തൽ, വരമ്പ്, പൊലി കൂട്ടൽ എന്നിങ്ങനെയാണ് വേർതിരിച്ച്

രേഖപ്പെടുത്തിയെങ്കിലും പ്രളയ ബാധിത പ്രദേശം ആയതിനാൽ ഒന്നും തന്നെ

കാണുവാൻ സാധിച്ചില്ല ഇവിടുത്തെ വീടുകളിലും രണ്ടുതവണ പ്രളയം

ബാധിച്ചിട്ടുണ്ട്

**.4 ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ കിണർ നിർമ്മാണം**

**1607010003/IF/386242**

25/2/2019-11/5/2019

നീതു അജീഷ്

NO ;KL -07-010-003-00 /192

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 70870 രൂപയും22 തൊഴിൽദിനങ്ങൾ

ഉൾക്കൊള്ളിച്ചിരിക്കുന്നു

* എം ബുക്ക് പ്രകാരം 3 മാസ്റ്റർ റോൾ പ്രകാരം(3000 ,3002 ,3389 )20 തൊഴിൽ ദിനങ്ങളും45,960

വേതനത്തിന് ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

*.CIB കാണുവാൻ സാധിച്ചില്ല

*Cib ഫ്ലെക്സ് ആയതുകൊണ്ട് പെട്ടെന്നുതന്നെ ഉപയോഗശൂന്യം ആകുന്നു എന്ന്

അറിയുവാൻ സാധിച്ചു

* കിണറു പണി പൂർത്തീകരിച്ചത് ആയും ഉപയോഗപ്രദമായ ആയും

അറിയുവാൻ സാധിച്ചു

**5. മരുതയൂർ കാളാനി ഗവൺമെൻറ് അംഗീകൃത ഭവനനിർമ്മാണംപദ്ധതി ഭാഗം16**

**1607010003/IF/381589 സിന്ധു 01/170**

4/3/2019-15/3/2019

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ24390 രൂപയും90 തൊഴിൽദിനങ്ങൾ

ഉൾക്കൊള്ളിച്ചിരിക്കുന്നു

*എം ബുക്ക്പ്രകാരം1 മസ്റ്റെർ rollപ്രകാരം 24 തൊഴിൽ ദിനങ്ങളും7588 രൂപ

വേതനത്തിന് ചിലവഴിച്ചതായി കാണുന്നു

*cib യെ കുറിച്ച് എസ്റ്റിമേറ്റും എം ബുക്കിലും വീട്ടിലും രേഖ ഇല്ല

* വീടു പണി പൂർത്തീകരിച്ചു

* താമസമാരംഭിച്ചു

**6.വാർഡ് 1 ലെ മരുതയൂർ ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ സമഗ്ര ഭൂവികസന പ്രവർത്തിഭാഗം – 2 (1607010003/IF/375561)**

5/12/2018-8/1/2019

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 3,15,121

രൂപയും 1,129 തൊഴിൽദിനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു

*4 മസ്റ്റർ റോൾ മുകളിലായി(1897, 1774, 2112, 2023)1,093 തൊഴിൽ ദിനങ്ങളും

3,01,668 രൂപ വേദന ത്തിനായി ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

* എം ബുക്ക്(446/18-19) പ്രകാരം3,01,668 രൂപ ചിലവഴിച്ചതായി

രേഖപ്പെടുത്തിയിരിക്കുന്നു

**7 വാർഡ്ലെ പാവറട്ടി നീർത്തടത്തിലെ ദുർബല ജനവിഭാഗങ്ങളുടെഭൂമിയിലെ തോട് പുനരുദ്ധാരണം 1607010003/WH/325046**

23/2/19-1/3/19

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ62439 രൂപയും 214 തൊഴിൽദിനങ്ങൾ

ഉൾക്കൊള്ളിച്ചിരിക്കുന്നു

*2 മസ്റ്റർ റോൾ പ്രകാരം(2991, 3005) 713 തൊഴിൽ ദിനങ്ങളും58,788 രൂപ

വേതനത്തിന് ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

* എം ബുക്ക്(451/18-19) പ്രകാരം58,788 രൂപ ചിലവഴിച്ചതായി

രേഖപ്പെടുത്തിയിട്ടുണ്ട്

* ഡിസ്പ്ലേ ബോർഡ്കാണാൻ സാധിച്ചു

**8 bpl കുടുംബങ്ങളിലെ വനവൽക്കരണ പ്രവർത്തി ഭാഗം 1 (1607010003/IF/350550)**

പ്രവർത്തിയുടെ എസ്റ്റിമേറ്റ് കാണുവാൻ സാധിച്ചില്ല

*2 മസ്റ്റർ റോൾ പ്രകാരം(988, 1071) 20 തൊഴിൽ ദിനങ്ങളും 5,520 രൂപ

വേതനത്തിന് ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

* എം ബുക്ക്353/18-19 പ്രകാരം 5520 രൂപ ചെലവഴിച്ചതായി കാണുവാൻ

സാധിച്ചു

* ഓരോ വീട്ടിലും ഓരോ വൃക്ഷത്തൈ എന്ന കണക്കിലാണ് തൈ വെച്ച്

പിടിപ്പിച്ചിട്ടുള്ളത്

വെള്ളപ്പൊക്കം മൂലം തൈനശിച്ചതായി അറിയുവാൻ സാധിച്ചു

**9 ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ കിണർ നിർമ്മാണം ഭാഗം 9**

**1607010003/IF/395454**

10/3/19-25/3/19

മോഹിനി ബാലകൃഷ്ണൻ 001 /111

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 22 തൊഴിൽ ദിനങ്ങളും70,870 രൂപയും

ഉൾക്കൊള്ളിച്ചിരിക്കുന്നു

*3 മസ്റ്റർ റോൾ പ്രകാരം(3167, 3169, 3460) 15 തൊഴിൽ ദിനങ്ങളും5,148 രൂപ

വേതനത്തിന് ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു

* എം ബുക്ക്(462/18-19) പ്രകാരം25,937 രൂപ ചെലവഴിച്ചതായി കാണുന്നു

* ഡിസ്പ്ലേ ബോർഡ് കാണുവാൻ സാധിച്ചു

**10. ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ കിണർ നിർമ്മാണം ഭാഗം 10**

**1607010003/IF/402674**

14/3/19-30/3/19

ഗിരിജ ഗോപി -001/28

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 70,870 രൂപയും 22 തൊഴിൽദിനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു

*3 മസ്റ്റർ റോൾ പ്രകാരം(3463, 3236, 3238)20 തൊഴിൽ ദിനങ്ങളും7,501 രൂപ വേദന ത്തിനായി ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

* എം ബുക്ക് പ്രകാരം(475/18-19) 39,391 രൂപ ചെലവഴിച്ചതായി കാണുവാൻ സാധിച്ചു

* ഡിസ്പ്ലേ ബോർഡ് കാണുവാൻ സാധിച്ചില്ല

**11. മരുതയൂർ സംഘ കൃഷിക്കുവേണ്ടി തരിശുഭൂമി കൃഷിയോഗ്യമാക്കാൻ**

**1607010003/IF/380703**

18/1/18-12/2/18

* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ2,25,084 രൂപയും തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു

* മസ്റ്റർ റോൾ പ്രകാരം3 (2499, 2373, 2705)699 തൊഴിൽ ദിനങ്ങളും1,92,924 രൂപ വേദന ത്തിനായി ചെലവഴിച്ചതായി കാണാൻ സാധിച്ചു

* എം ബുക്ക് പ്രകാരം(471/18-19)1,92,924 രൂപ ചിലവഴിച്ചതായി കാണാൻ സാധിച്ചു

* ഡിസ്പ്ലേ ബോർഡ് കാണാൻ കഴിഞ്ഞു

* പുല്ലു പിടിച്ചു കിടക്കുന്നതായി കാണുവാൻ സാധിച്ചു

**. 12 നീർതടത്തിലെ മരുതയൂർ ദുർബല ജന വിഭാഗങ്ങളിലെ ഭൂമിയിലെ ഭൂവികസനം പ്രവൃത്തി ഭാഗം 1 (1607010003/IF/306602)**

7/8/18-23/10/2018

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ്4,61,325 തുകയും 1,652 തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു

* ഈ മാസ്റ്റർ റോൾ പ്രകാരം 7(770, 722, 910, 834, 1024, 1127, 1206)1,366 തൊഴിൽ ദിനങ്ങളും3,77,022രൂപ വേദന ത്തിനായി ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു

എം ബുക്ക് പ്രകാരം(323/18-19)3,75,908 രൂപ ചെലവഴിച്ചതായി കാണുവാൻ സാധിച്ചു

FTO കാണുവാൻ സാധിച്ചില്ല

**13 ദുർബല ജന വിഭാഗങ്ങളുടെ ഭൂമിയിലെ കിണർ നിർമ്മാണം ഭാഗം-4**

**1607010003/IF/347952**

4/3/19-11/5/19

ചന്ദ്രിക 001/133

-* ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ70,870 തുകയും 22 തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു

*ഇ മാസ്റ്റർ പ്രകാര 3(252, 3111, 3112) 20 തൊഴിൽ ദിനങ്ങളും7,456 രൂപ വേതനത്തിന് ചിലവഴിച്ചതായി കാണിച്ചിരിക്കുന്നു

*എം ബുക്ക് പ്രകാരം 463/18-19)50,664 രൂപ ചെലവഴിച്ചതായി കാണാൻ സാധിച്ചു

ഡിസ്പ്ലേ ബോർഡ് കാണുവാൻ സാധിച്ചു

**14 ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ കിണർ നിർമ്മാണം ഭാഗം 3**

**1607010003/IF/347950**

10/3/19-16/3/19

സരള മന്നത് 01/27

-ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ്70,870 രൂപയും 22 തൊഴിൽ ദിനങ്ങളും

ഉൾക്കൊള്ളിച്ചിരിക്കുന്നു

* 2 മസ്റ്റർ റോൾ പ്രകാരം(3181, 3182)9 തൊഴിൽ ദിനങ്ങളും 3,457 വേതനത്തിന്

ചിലവഴിച്ചതായി കാണുന്നു

*എം ബുക്ക് 346/18-19 പ്രകാരം15,687 രൂപ ചെലവഴിച്ചതായി കാണുവാൻ

സാധിച്ചു

* ഡിസ്പ്ലേ ബോർഡ്  കാണുവാൻ സാധിച്ചില്ല

* കിണറു പണി പൂർത്തീകരിച്ചിട്ടുണ്ട്

**15 ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ കിണർ നിർമ്മാണം**

**1607010003/IF/386244**

10/3/19-30/3/19

ശോഭ 01/179

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 70,870 രൂപയും 22 തൊഴിൽദിനങ്ങൾ

ഉൾക്കൊള്ളിച്ചിരിക്കുന്നു

* 3മാസ്റ്റർ റോൾ പ്രകാരം(3459, 3166, 3168) 20 തൊഴിൽ ദിനങ്ങളും

7,456വേതനത്തിന് ചിലവഴിച്ചതായി കാണുവാൻ സാധിച്ചു

ഡിസ്പ്ലേ ബോർഡ് കാണുവാൻ സാധിച്ചു

**16  മരുതയൂർ കാളാനി ഗവർമെൻറ് അംഗീകൃത ഭവനനിർമ്മാണപദ്ധതി  ഭാഗം-5**

**1607010003/IF/381582**

16/2/19-27/3/19

ഷീബ 001/224

ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ 24,390 രൂപയും90 തൊഴിൽ ദിനങ്ങളും

ഉൾക്കൊള്ളിച്ചിരിക്കുന്നു

* മസ്റ്റർ റോൾ പ്രകാരം 28 തൊഴിൽ ദിനങ്ങളും 3(2876, 3076, 3281)7,588 രൂപ

വേതനത്തിന് ചിലവഴിച്ചിരുന്നു

* എം ബുക്ക് നമ്പർ366/18-19 പ്രകാരം 7588 രൂപ കാണുവാൻ സാധിച്ചു

* ഭവന നിർമ്മാണം പൂർത്തീകരിച്ചു താമസ യോഗ്യമാണ്

**17വാർഡ് ഒന്നിലെ മരുതയൂർ ദുർബല ജനവിഭാഗങ്ങളിലെ ഭൂമിയിലെ കിണർ നിർമാണം ഭാഗം-8 (1607010003/IF/ 386248)**

22/ 3/2019 -30 /3/ 2019

എസ്റ്റിമേറ്റ് പ്രെകാരം 22 തൊഴിൽ ദിനങ്ങളും 70,870രൂപയും ഉൾക്കൊള്ളിച്ചുരിക്കുന്നു

മസ്റ്റർ റോൾ 3 (3462,3235,3237)പ്രെകാരം 20 തൊഴിൽദിനങ്ങളും 47,123രൂപ വേദനത്തിനായി ചിലവഴിച്ചു

എം ബുക്ക് 465 / 18 -19 പ്രെകാരം 45908 രൂപ ചിലവഴിച്ചിട്ടുണ്ട്

പണി പൂർത്തീകരിച്ചു

ഡിസ്പ്ലെബോർഡ് കാണുവാൻ സാദിച്ചു

**18.ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലെ ഭൂവികസന പ്രവർത്തികൾ ഭാഗം 3**

**1607010003/IF/398717**

7/3/2019-30/3/2019

എസ്റ്റിമേറ്റ് പ്രകാരം1,89511 രൂപയും 749 തൊഴിൽ ദിനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു

3 മസ്റ്റർ റോൾ പ്രകാരം(3164,3428,3310) 186016 തുകയും 674 തൊഴിൽ ദിനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്

എം ബുക്ക് 470/18-19 പ്രകാരം36114 രൂപ ചിലവഴിച്ചതായി കാണുവാൻ സാദിച്ചു

CIB കാണുവാൻ സാദിച്ചു

**കണ്ടെത്തലുകൾ:**

* സംഘ കൃഷിക്ക് കൃഷി ചെയ്യുന്നതിനായി വിത്ത് പഞ്ചായത്തിൽ നിന്നും ലഭിച്ചു

* ഈ പ്രദേശത്ത് രണ്ടുപ്രാവശ്യം വെള്ളപ്പൊക്കം ഉണ്ടായതിനാൽ

സംഘകൃഷി, ഭൂവികസനം, വനവൽക്കരണം എന്നീ പ്രവർത്തികൾ

നശിച്ചതായി കാണുവാൻ സാധിച്ചു

* കൈയ്യുറ കാലുറ എന്നിവ ഇല്ലാ എന്ന് അറിയുവാൻ സാധിച്ചു

* പ്രഥമ ശുശ്രൂഷ സാമഗ്രികൾ ഇല്ല എന്ന് അറിയുവാൻ സാധിച്ചു

**നിർദ്ദേശങ്ങൾ**

* ഫയലുകളിൽ പൂർണ്ണമായും വ്യക്തമായും എല്ലാ രേഖകളും ഉൾക്കൊള്ളിക്കുക

* എം ബുക്ക് മസ്റ്റർ റോൾ എന്നിവയിൽ തിരുത്തലുകൾ പാടില്ല

* കൃത്യമായ ഇടവേളകളിൽ ബാങ്ക് പാസ്ബുക്ക് ഇടപാട് വിവരങ്ങൾ രേഖപ്പെടുത്തുക. അതുവഴി വേദനം ലഭിച്ചോ ഇല്ലയോ എന്നറിയാൻ സാധിക്കും

* പ്രഥമ ശുശ്രൂഷ സാമഗ്രികൾ നിർബന്ധമായും കൈവശം സൂക്ഷിക്കുക

* സ്വയം രക്ഷാ സാമഗ്രികൾ ആയ കൈയുറ കാലുറ എന്നിവ തീർച്ചയായും നൽകുക

* തൊഴിലാളികളുടെ കൈവശമാണ് തൊഴിൽകാർഡ് സൂക്ഷിക്കേണ്ടത്

* തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം

* സംഘ കൃഷിചെയ്യിരുന്ന സ്ഥലങ്ങളിൽ കൃഷിചെയ്ത് വിളവെടുത്തതിനുശേഷം കാടുപിടിക്കാൻ അനുവദിക്കാതെ വീണ്ടും കൃഷിയോഗ്യമാക്കനം

**ഗ്രാമസഭ തീരുമാനങ്ങൾ:**

1 കൈയുറ കാലുറ കമ്മിറ്റി മീറ്റിങ്ങിൽ വെക്കാം എന്നാണ് തീരുമാനം

2 സൈറ്റുകളിൽ നടക്കുന്ന അപകടങ്ങൾ അപേക്ഷ പഞ്ചായത്തിൽ എത്തിക്കണം

3 ഫസ്റ്റ് എയ്ഡ് ബോക്സ് കിട്ടുന്നതിനായി തൊഴിലിനു ഇറങ്ങുന്നതിനു മുൻപ് മെമ്പർക്ക് വിളിക്കുക